**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1101** **06.02.2020-ൽ മറുപടിക്ക്**

**പാഞ്ചികാട്ട് കടവ് പാലത്തിന്റെ റോഡിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് നടപടി**

| **ചോദ്യം**<br>**ശ്രീ.കെ. ആൻസലൻ** | **മറുപടി**<br>**ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
|---|---|
| (എ) തിരുപുറം, ചെങ്കൽ പഞ്ചായത്തുകളെ യോജിപ്പിക്കുന്ന പാഞ്ചികാട്ട് കടവ് പാലത്തിന്റെ റോഡിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് പി.ഡബ്ല്യു.ഡി. ബ്രിഡ്ജസ് വിഭാഗം റവന്യൂ ലാൻഡ് അക്വിസിഷൻ വിഭാഗത്തിന് പഠനം നടത്തുന്നതിനായി തുക അനുവദിച്ചിട്ടുണ്ടോ; | (എ) തിരുപുറം, ചെങ്കൽ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് നിർമ്മിച്ച പാഞ്ചിക്കാട്ടുകടവ് പാലത്തിന്റെ ഭൂമി ഏറ്റെടുക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് ബന്ധപ്പെട്ട ലാന്റ് അക്വിസിഷൻ തഹസീൽദാരുടെ അക്കൗണ്ടിലേക്ക് 3.50 ലക്ഷം രൂപ കണ്ടിജൻസി ചാർജ്ജിനത്തിൽ ട്രഷറി വഴി കൈമാറ്റം ചെയ്യുന്നതിനായി 15/11/2019-ൽ സമർപ്പിച്ചു. എന്നാൽ ട്രഷറി നിയന്ത്രണം നിലനിന്നതു കാരണവും Ways and means ന്റെ Clearance ആവശ്യമായി വന്നതുകാരണവും ഫണ്ട് കൈമാറ്റം ചെയ്യുന്നതിൽ താമസം നേരിടുന്നു. |
| (ബി) ഏത് വർഷത്തിലാണ് തുക അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് റവന്യൂ ലാൻഡ് അക്വിസിഷൻ വിഭാഗം രേഖാമൂലം ആവശ്യപ്പെട്ടത് എന്ന് വിശദമാക്കാമോ; | (ബി) 2018-ലാണ് തുക അനുവദിക്കുന്നതിനായി റവന്യൂ വകുപ്പ് കത്ത് നൽകിയത്. |
| (സി) പാലത്തിന്റെ ഉദ്ഘാടനം കഴിഞ്ഞിട്ടും റോഡിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് കാലതാമസ്സം ഉണ്ടാകുന്നതിന്റെ കാരണം വ്യക്തമാക്കാമോ? | (സി) പാലത്തിന്റെ അപ്രോച്ച് റോഡ് പഴയകട ജംഗ്ഷൻ വരെ വീതി കൂട്ടുന്നതിനായി മുമ്പ് സമർപ്പിച്ച റിക്വിസിഷനിൽ വിട്ടുപോയ 8 സർവ്വേ നമ്പറുകൾ ഉൾപ്പെടുത്തി പുതുക്കിയ റിക്വിസിഷൻ പുതിയ എൽ.എ. ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനായി 01/2018 ൽ ജില്ലാ കളക്ടർക്ക് സമർപ്പിച്ചു. എന്നാൽ കണ്ടിജൻസി ചാർജ്ജ് ഇനത്തിൽ ഒടുക്കേണ്ട തുകയായ 3.50 ലക്ഷം രൂപയുടെ ഫണ്ട് ലഭ്യമാകുന്നതിൽ കാലതാമസം നേരിട്ടു. കൂടാതെ പൊതുമരാമത്ത് വകുപ്പ് സ്ഥാപിച്ച കല്ലുകൾ സ്ഥലവാസികൾ എടുത്തു മാറ്റിയത് കാരണം 3 തവണ കല്ലുകൾ പുന:സ്ഥാപിക്കേണ്ടി വന്നു. റവന്യൂ വകുപ്പ് |

നടത്തിയ ഏറ്റവും ഒടുവിലത്തെ സ്ഥല പരിശോധനയിൽ (08/2019-ൽ) 25 കല്ലുകളോളം നഷ്ടമായിരുന്നു. ഇതും ഇപ്പോൾ പുന:സ്ഥാപിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ലാന്റ് അക്വിസിഷൻ തഹസിൽദാരുടെ അക്കൗണ്ടിലേയ്ക്ക് ഫണ്ട് താമസം കൂടാതെ തന്നെ കൈമാറ്റം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ